പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 6082 — 07.11.2016 ലെ മറുപടിയ്ക്ക്

**കേരള അഗ്രിക്കൾച്ചർ മാർക്കറ്റ് പ്രോജക്ട്**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ഐ.സി.ബാലകൃഷ്ണൻ<br>ശ്രീ.എം. വിൻസെന്റ്<br>ശ്രീ.അടൂർ പ്രകാശ്<br>ശ്രീ.അനിൽ അക്കര | ശ്രീ.വി.എസ്.സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്ത് കേരള അഗ്രിക്കൾച്ചർ മാർക്കറ്റ് പ്രോജക്ട് ആരംഭിക്കാനുദ്ദേശിക്കുന്നുണ്ടോ;<br><br>(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (എ) & (ബി) ഉണ്ട്.<br>കേരള അഗ്രികൾച്ചർ മാർക്കറ്റ് പ്രോജക്ടിന്റെ ലക്ഷ്യങ്ങൾ താഴെപറയും പ്രകാരമാണ്.<br>(1) കാർഷിക വിപണന കേന്ദ്രങ്ങൾ സ്ഥാപിക്കുക.<br>(2) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ ലേലമാർക്കറ്റുകൾ സജ്ജമാക്കുക.<br>(3) സർട്ടിഫിക്കേഷൻ, ഗ്രേഡിംഗ് ഓൺ ലൈൻ വിപണനം, ഫാം ഫ്രെഷ് ഉൽപ്പന്നങ്ങളുടെ വിപണനം എന്നിവയ്ക്കുള്ള മികച്ച സംവിധാനം സൃഷ്ടിക്കുക.<br>(4) സർക്കാരിന്റെ അധീനതയിലുള്ള മൊത്തവ്യാപാര വിപണികൾ പുനരുദ്ധരിക്കുക.<br>(5) സംഘമൈത്രികളുടെ പ്രവർത്തനം മെച്ചപ്പെടുത്തുക.<br>(6) വിപണനത്തിനാവശ്യമായ മറ്റ് അടിസ്ഥാന സൗകര്യങ്ങൾ സൃഷ്ടിക്കുക.<br>(7) വിപണി നിരീക്ഷണ സംവിധാനം കാര്യക്ഷമമാക്കുക.<br>(8) മാനവശേഷി സഹായത്തോടെ മാർക്കറ്റിംഗ് വിഭാഗം ശക്തിപ്പെടുത്തുക.<br>(9) മാർക്കറ്റ് ഡേറ്റാ ബേസ് വികസിപ്പിച്ചെടുക്കുക.<br>(10) നല്ല കൃഷി സമ്പ്രദായങ്ങളും പി.ജി.എസ്. സർട്ടിഫിക്കേഷനും പ്രോൽസാഹിപ്പിക്കുക.<br>(11) കൃഷിക്കാർക്ക് ആവശ്യമുള്ള മുഴുവൻ കാര്യങ്ങളും ഒരു കുടക്കീഴിൽ ലഭ്യമാക്കുന്നതോടൊപ്പം മുഴുവൻ ഉല്പന്നങ്ങളും വിൽക്കുവാനും കഴിയുന്ന സംവിധാനം ഒരുക്കൽ. |

| | | | |
|---|---|---|---|
| (സി) | കാർഷികോൽപന്നങ്ങളുടെ വിപണനത്തിനുള്ള സമഗ്ര ഇടപെടലിന് ഇത് എത്രമാത്രം ഗുണകരമാകുമെന്നാണ് കരുതുന്നത്; | (സി) | സംസ്ഥാനത്ത് ഉൽപ്പാദിപ്പിക്കുന്ന കാർഷിക ഉൽപ്പന്നങ്ങൾക്ക് മികച്ച വിപണന സൗകര്യം ലഭ്യമാക്കുന്നതു വഴി ഇടനിലക്കാരുടെ ചൂഷണം ഒഴിവാക്കി കർഷകർക്ക് പരമാവധി വരുമാനം ലഭ്യമാക്കുന്നതിന് സഹായകമാകും. കൂടാതെ വിപണിയുടെ ആവശ്യങ്ങൾക്കനുസൃതമായി ഉൽപ്പാദന പ്രക്രിയ ക്രമപ്പെടുത്തി കൃഷി ആദായകരമായ ഒരു വൃത്തിയാക്കി മാറ്റുവാൻ സാധിക്കുന്നതാണ്. |
| (ഡി) | പ്രസ്തുത പ്രോജക്ടിനായി എത്ര കോടി രൂപ ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്; വ്യക്തമാക്കുമോ? | (ഡി) | പ്രസ്തുത പ്രോജക്ടിന് നടപ്പ് സാമ്പത്തിക വർഷം ടോക്കൺ പ്രൊവിഷൻ വകയിരുത്തിയിട്ടുണ്ട്. പദ്ധതിക്കാവശ്യമായ തുക എസ്.ഡി.ജി. (Supplementary Demand for Grant) വഴി കണ്ടെത്താവുന്നതാണ്. |

സെക്ഷൻ ഓഫീസർ